## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 706** **09-08-2023 - ൽ മറുപടിയ്ക്ക്**

## മീറ്റർ റീഡർ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ഇ. ബി. മീറ്റർ റീഡർ റാങ്ക് ലിസ്റ്റിൻെറ കാലാവധി അവസാനിക്കാൻ മാസങ്ങൾ മാത്രമുള്ള സാഹചര്യത്തിൽ മീറ്റർ റീഡർ നിയമനം നടത്തുന്നതിന് കെ.എസ്.ഇ.ബി.ക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം (REVAMPED REFORMS LINKED RESULTS BASED DISTRIBUTION SECTOR SCHEME) പ്രീ-പെയ്ഡ് സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ അതിനൂതനമായ പരിഷ്കാരങ്ങൾ കെ.എസ്.ഇ.ബി ലിമിറ്റഡിൽ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ മീറ്റർ റീഡിംഗ് പ്രക്രിയയുടെ സമഗ്രമായ പുന:ക്രമീകരണവും നടത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ മീറ്റർ റീഡർ തസ്തികയിലെ അവശ്യം വേണ്ട ഒഴിവുകൾ 218 എണ്ണം തീരുമാനിച്ച് ഇതിനകം തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ഇതിലെ NJD ഒഴിവുകളിൽ നിയമന നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയുമാണ്. മീറ്റർ റീഡിംഗുമായി ബന്ധപ്പെട്ട് സാങ്കേതിക കാര്യങ്ങളിൽ അതിനൂതന മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ആയത് നടപ്പിലാക്കാൻ ബോർഡ് നിർബന്ധിതമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും, കെ.എസ്.ഇ.ബി ലിമിറ്റഡിൽ വിപുലമായ പുനക്രമീകരണ നടപടികൾ ആരംഭിച്ചിരിക്കുന്നതിനാലും മീറ്റർ റീഡർ തസ്തികയിലേക്ക് നിയമനം നടത്തുവാൻ നിർവ്വാഹമില്ല. മാത്രമല്ല സർക്കാർ സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. |
| (ബി) | സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ തടഞ്ഞുവച്ച മീറ്റർ റീഡർ നിയമനം നടത്താൻ കെ. എസ്. ഇ. ബി. ക്ക് നിർദ്ദേശം നൽകുമോ? | (ബി) | കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം (REVAMPED REFORMS LINKED RESULTS BASED DISTRIBUTION SECTOR SCHEME) പ്രീ-പെയ്ഡ് സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ അതിനൂതനമായ പരിഷ്കാരങ്ങൾ കെ.എസ്.ഇ.ബി ലിമിറ്റഡിൽ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ മീറ്റർ റീഡിംഗ് പ്രക്രിയയുടെ സമഗ്രമായ |

| | | | |
|---|---|---|---|
| | | | പുന:ക്രമീകരണവും നടത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ മീറ്റർ റീഡർ തസ്തികയിലെ അവശ്യം വേണ്ട ഒഴിവുകൾ 218 എണ്ണം തീരുമാനിച്ച് ഇതിനകം തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ഇതിലെ NJD ഒഴിവുകളിൽ നിയമന നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയുമാണ്. മീറ്റർ റീഡിംഗുമായി ബന്ധപ്പെട്ട് സാങ്കേതിക കാര്യങ്ങളിൽ അതിനൂതന മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ആയത് നടപ്പിലാക്കാൻ ബോർഡ് നിർബന്ധിതമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും, കെ.എസ്.ഇ.ബി ലിമിറ്റഡിൽ വിപുലമായ പുനക്രമീകരണ നടപടികൾ ആരംഭിച്ചിരിക്കുന്നതിനാലും മീറ്റർ റീഡർ തസ്തികയിലേക്ക് നിയമനം നടത്തുവാൻ നിർവ്വാഹമില്ല. മാത്രമല്ല സർക്കാർ സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ